"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ അസിസ്റ്റന്റായി അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്ന കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ അസിസ്റ്റന്റായ ശ്രീ.ശ്രീജിത്ത്.എം.ജി.യുടെ അന്യത്ര സേവന കാലാവധി 21/11/2019 പൂർവ്വാഹ്നം മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.113/2020/ഉ.വി.വ** തീയതി,തിരുവനന്തപുരം, 22/01/2020

പരാമർശം:- 1. സ.ഉ. (സാധാ)നമ്പർ 2024/2017/ഉ.വി.വ തീയതി 08/11/2017.
2. സ.ഉ.(സാധാ)നം. 2056/2018/ഉ.വി.വ തീയതി 14/11/2018.
3. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലാ രജിസ്ട്രാറുടെ 4/10/2019ലെ Ad.A2/16019/2015 നമ്പർ കത്ത്.
4. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ 16/10/2019ലെ KSHEC-A1/112/Dptn-A1/2019 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (2) പ്രകാരം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ച് വരുന്ന കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ അസിസ്റ്റന്റായ ശ്രീ.ശ്രീജിത്ത് എം.ജി.യുടെ അന്യത്ര സേവന കാലാവധി 20/11/2019 അപരാഹ്നത്തിൽ അവസാനിക്കുന്നതിനാൽ, ആയത് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (4) പ്രകാരം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു. പരാമർശം (3) പ്രകാരം കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രജിസ്ട്രാറുടെ നിരാക്ഷേപ പത്രവും പരാമർശം (4)-നോടൊപ്പം ഹാജരാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ അസിസ്റ്റന്റായ ശ്രീ.ശ്രീജിത്ത് എം.ജി.യുടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിലെ അസിസ്റ്റന്റ് തസ്തികയിലെ അന്യത്ര സേവന കാലാവധി 21/11/2019 പൂർവ്വാഹ്നം മുതൽ ഒരു വർഷത്തേക്ക് കേരള സർവ്വീസ് റൂൾസ് പാർട്ട് I,

റൂൾ 140(സി)-ലെ വ്യവസ്ഥകൾക്ക് വിധേയമായി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SWAPNA.P**

**അണ്ടർ സെക്രട്ടറി**

കോപ്പി

മെമ്പർ സെക്രട്ടറി/രജിസ്ട്രാർ , കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, തിരുവനന്തപുരം

രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല

ശ്രീ.ശ്രീജിത്ത് എം.ജി, അസിസ്റ്റന്റ്, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, തിരുവനന്തപുരം (ഉന്നത വിദ്യാഭ്യാസ കൗൺസിൽ രജിസ്ട്രാർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

www.highereducation.kerala.gov.in

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ